(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.റ്റി.വി.എം.ജി.പി. 4 /1931/2016

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയ

തിരുവനന്തപുരം ഫോൺ 0471 23312

ഇ-മെയിൽ lfadtvm@yahoo.in

തീയതി 11.11.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ബാലരാമപുരം ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ബാലരാമപുരം ഗ്രാമപഞ്ചായത്ത് -2015-16 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 , 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും 3ലെയും ഖണ്ഡികകളിലേയ്ക്ക് പ്രത്യേകം ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ് - പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14 , 15 )

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേയ്ക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20 , 23, 1997 കേരള പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2) എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഒപ്പ്

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം

3) കാര്യാലയ പകർപ്പ്

4) സ്പെയർ

നം കെ.എസ്.എ.റ്റി.വി.എം./1931/2016 തീയതി :11.11.2016

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള

ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 21.3.2016 മുതൽ 7.10.2016 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 26 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 18എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. ജമാലുദ്ദീൻ.എ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 13.10.2016 മുതൽ 21.10.2016 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി.ജയകുമാരി കെ. ആർ. , ഓഡിറ്റ് ഓഫിസർ<br>ശ്രീ. അനിൽകുമാർ, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ബിജുലാൽമണി. എസ്.എൽ. , സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീ. ശിവനാഥൻ. എ., ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | 1) ശ്രീ. എം. രവീന്ദ്രൻ<br>2) ശ്രീമതി ആർ. എസ്. വസന്തകുമാരി | 1.4.2015 മുതൽ 31.10.2015 വരെ<br>7.12.2015 മുതൽ 31.3.2016 വരെ |
| സെക്രട്ടറി | 1) ശ്രീ. കെ. ബാബു<br>2) ശ്രീമതി മിനി | 1.4.2015 മുതൽ 25.7.2015 വരെ<br>30.7.2015 മുതൽ 22.01.2016 വരെ |

| | | |
|---|---|---|
| | 3) ശ്രീ. എസ്. പ്രേം | 23.1.2016 മുതൽ 31.3.2016 വരെ |

നിർവഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി മാലിനി .എസ് സാം. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡി. ആഫീസർ പി.എച്ച്. സി. | ഡോ. ശ്രീ.ആർ. എം. ബിജു. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡി. ആഫീസർ ഹോമിയോ | ഡോ.ശ്രീമതി.പ്രസന്ന കുമാരി | 1.4.2015 മുതൽ 8.6.2015 വരെ |
| കൃഷി ഓഫീസർ | ശ്രീമതി. ജോതി<br>ശ്രീ.ശശികുമാർ | 1.4.2015 മുതൽ 8.6.2015 വരെ<br>8.6.2015 മുതൽ 31.3.2016 വരെ |
| വി. ഇ. ഒ. (1) | ശ്രീ.മഹേഷ് കുമാർ | 1.4.2015 മുതൽ 31.3.2016 വരെ |
| വി.ഇ.ഒ. (2) | ശ്രീമതി.ദീപ | 1.4.2015 മുതൽ 31.3.2016 വരെ |
| എച്ച്.എം. | ശ്രീമതി. പി. മേഴ്സി | 1.4.2015 മുതൽ 31.3.2016 വരെ |
| അസി. സെക്രട്ടറി | ശ്രീ. അബ്ദുൾ ജവാദ്. എ. | 1.4.2015 മുതൽ 31.3.2016 വരെ |
| മെഡി. ആഫീസർ, ആയുർവേദം | ഡോ. എസ്. മീന | 1.4.2015 മുതൽ 31.3.2016 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. വിജയകുമാരി . പി. | 1.4.2015 മുതൽ 29.12.2015 വരെ<br>29.12.2015 മുതൽ 21.1.2016 വരെ<br>21.1.2016 മുതൽ 31.3.2016 വരെ |
| ഹെഡ്മിസ്ട്രസ് | ശ്രീമതി. പി. മേഴ്സി. | 1.4.2015 മുതൽ 31.3.2016 വരെ |

ഉള്ളടക്കം


| ക്രമ നം. | | ഖണ്ഡിക നമ്പർ | പേജ് നമ്പർ |
|---|---|---|---|
| ഭാഗം 1 | | | |
| 1 | ബജറ്റ് | 1.1 | |
| 2 | വാർഷിക ധനകാര്യ പത്രിക | 1.2 | |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1.3 | |
| 4 | സാമ്പത്തിക വിശകലനം | 1.4 | |
| 5 | ഫണ്ട് വിനിയോഗം | 1.5 | |
| 6 | പദ്ധതി അവലോകനം | 1.6 | |
| 7 | തനത് വരുമാനം | 1.7 | |
| 8 | ക്ഷേമപദ്ധതികൾ | 1.8 | |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1.9 | |
| 10 | ആഭ്യന്തരനിയന്ത്രണം | 1.10 | |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1.11 | |
| ഭാഗം 2 | | | |
| 12 | എക്സ് - സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയില്ല – നഷ്ടം 2250/- രൂപ | 2.1 | |
| 13 | സ്ഥാപന നികുതി ഈടാക്കിയിട്ടില്ല | 2.2 | |
| 14 | ട്രേഡ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല. | 2.3 | |
| 15 | റേഷൻ കടകൾക്ക് ലൈസൻസ് നൽകി - ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. | 2.4 | |
| 16 | ഷോപ്പിംഗ് കോംപ്ലക്സ് | 2.5 | |

| | | | |
|---|---|---|---|
| 17 | മൊബൈൽ ടവറുകളിൽ നിന്നും വസ്തു നികുതി ഈടാക്കുന്നില്ല. | 2.6 | |
| 18 | വസ്തു നികുതി - കുടിശ്ശിക 28,08,548/- രൂപ | 2.7 | |
| ഭാഗം 3 | | | |
| 19 | വി.ഇ.ഒ. നിർവഹിച്ച പദ്ധതികളിലെ അപാകതകൾ | 3.1 | |
| 20 | ഇരുപത്തിമൂന്ന് അംഗനവാടികൾ വാടക കെട്ടിടത്തിൽ | 3.2 | |
| 21 | ചെലവ് പത്രികയിലെ ചെലവ് തുകയും നിർവഹണോദ്യോഗസ്ഥന്റെ ചെലവും തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല. | 3.3 | |
| 22 | പോഷകാഹാര പദ്ധതിയ്ക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം തനത് ഫണ്ടിൽ സൂക്ഷിക്കുന്നു. | 3.4 | |
| 23 | സ്കോളർഷിപ്പ് - ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് 25000/- രൂപ തടസ്സം | 3.5 | |
| 24 | സർക്കാരുദ്യോഗസ്ഥന് കാലിത്തൊഴുത്ത് സബ്സിഡി 10000/- രൂപ തടസ്സം | 3.6 | |
| 25 | ഗുണഭോക്തൃ ലിസ്റ്റിൽ ഇല്ലാത്തവർക്ക് ആട്ടോറിക്ഷാ സബ്സിഡി - 400000/- രൂപ തടസ്സപ്പെടുത്തുന്നു. | 3.7 | |
| 26 | . സർക്കാർ മാർഗ്ഗ രേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സ്പിൽഓവർ പദ്ധതി നടപ്പിലാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു. | 3.8 | |
| 27 | ഗുണഭോക്തൃ സമിതി പ്രവർത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ | 3.9 | |
| 28 | നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. | 3.10 | |
| 29 | സ്വകാര്യ സ്ഥാപനത്തിലേയ്ക്ക് നടപ്പാത കോൺക്രീറ്റ് | 3.11 | |
| 30 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 3.12 | |
| ഭാഗം 4 | | | |
| 31 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4.1 | |
| 32 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4.2 | |
| 33 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4.3 | |
| 34 | വായ്പ/വായ്പ തിരിച്ചടവ് | 4.4 | |
| 35 | സ്ഥിരനിക്ഷേപങ്ങൾ | 4.5 | |
| 36 | ഓഡിറ്റ് റിക്കവറി | 4.6 | |
| 37 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4.7 | |
| 38 | ഓഡിറ്റ് പ്രത്യവലോകനം | 4.8 | |
| 39 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4.9 | |
| 40 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 4.10 | |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 26.3.2016ലെ 01-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. മുന്നിരിപ്പ് ഉൾപ്പെടെ 251453072/- രൂപ വരവും 236085000/- രൂപ ചെലവുമാണ് പ്രതീക്ഷിച്ചിരുന്നത്. എന്നാൽ യഥാർത്ഥ വരവ് 101061810/- രൂപയും ചെലവ് 89064058/- രൂപയുമാണ്.

ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുള്ള വരവ് ചെലവുകൾ യഥാർഥ വരവ് ചെലവുകളേക്കാൾ വളരെ കൂടുതലാണ്. ഭാവിയിൽ യാഥാർത്ഥ്യ ബോധത്തോടുകൂടി ബജറ്റ് തയ്യാറാക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 28.07.16 | _ | _ |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2015-16 | 20.10.2016 | |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് -30752075.61

വരവ് -70309735.00

ആകെ -101061810.61

ചെലവ് - 89064058.00

നീക്കിബാക്കി - 11997752.61

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻവർഷം | തൻവർഷ വരവ് | ട്രാൻസ്ഫർ ക്രഡിറ്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 5359210 | 10447067 | +7063912 | 22870189 | 22870189 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1507142 | 7449098 | -658642 | 8297598 | 8297598 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 36000 | -- | 36000 | 36000 | 0 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 431895 | 8319412 | -- | 8751307 | 8751307 | 0 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 615886 | 4406017 | -- | 5021903 | 5021903 | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 4194356 | 6813609 | -468776 | 10539189 | 10539189 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 8815059 | 4664382 | -5936494 | 7542947 | 7542947 | 0 |
| ജനറൽ പർപ്പസ് | 1752956 | 10629277 | --- | 12382233 | 10694081 | 1688152 |
| എ.എൻ. ആർ.ജി.എസ്. | 0 | 21333356 | -- | 21333356 | 21318717 | 14639 |
| ശുചിത്വമിഷൻ | 213757 | 608175 | -- | 821932 | 600000 | 221932 |
| സാക്ഷരതാ മിഷൻ | 6090 | 20447 | -- | 26537 | 14500 | 12037 |
| ദുരിതാശ്വാസ നിധി | 7574 | 306 | -- | 7880 | 0 | 7880 |
| ബി. ഫണ്ട് | 0 | 37438029 | -- | 37438029 | 37438029 | 0 |
| മറ്റ് വരുവുകൾ (തനത് വരുമാനം) | 7848150 | 14940700 | -- | 22788850 | 12735738 | 10053112 |

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയുടെ പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ ചുവടെ ചേർക്കുന്നു.

1) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) ഹെഡ് മാസ്റ്റർ എന്നീ നിർവഹണ ഉദ്യോഗസ്ഥരുടെ എക്സ്പെന്റീച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് വിവരങ്ങൾ യഥാർത്ഥ ചെലവ് രേഖയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

2) പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും ധനകാര്യപത്രികയിൽ ഉൾപ്പെടുന്നില്ല.

3) പോഷകാഹാര വിതരണത്തിന് കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50 ശതമാനം ഗ്രാമപഞ്ചായത്ത് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാതെ തനതു വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നു.

അപാകതകൾ പരിഹരിക്കേണ്ടതാണ്.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 205 | 82476924 | 152 | 70179436 | 45 | 18 | 85% |

അംഗീകാരം ലഭിക്കുന്ന എല്ലാ പ്രോജക്ടുകളും സമയബന്ധിതമായി പൂർത്തിയാക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തിക വർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരം 60 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | | | | |
| വിനോദ നികുതി | --- | --- | --- | --- |
| തൊഴിൽ നികുതി | 1936368 | 1986900 | 50532 | 26.09% |
| കെട്ടിട നികുതി | 4064969 | 3263597 | 801372 | 19.71% |
| പരസ്യ നികുതി | 7700 | 8300 | 600 | -7.79% |
| നികുതിയേതര വരവുകൾ | | | | |
| ഷോപ്പിംഗ് കോംപ്ളക്സ് | 794484 | 790922 | 3562 | -4% |
| ലേലം | 2051251 | 3002338 | 951087 | 46.36% |
| ഡി & ഒ ലൈസൻസ് | 267960 | 258200 | 9760 | 3.64% |
| മറ്റുവരവുകൾ | 653005 | 4688397 | 4035392 | 61.7% |
| ആകെ | 9775737 | 13998654 | 5852305 | 59.86% |

ഗ്രാമപഞ്ചായത്തിന് ലഭ്യമാകേണ്ട നികുതി നികുതിയേതര വരുമാനങ്ങൾ കൃത്യമായും ഈടാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പരസ്യനികുതി ഈടാക്കിയും വസ്തുനികുതി ഇനത്തിൽ അവശേഷിക്കുന്ന കുടിശ്ശിക സമയബന്ധിതമായി പരിച്ചെടുക്കുന്നതിനും ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴവൻ കച്ചവട സ്ഥാപനങ്ങളെയും സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ കാലികമാക്കി തയ്യാറാക്കിയും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്ക് ഡി & ഒ ലൈസൻസ് നൽകിയും തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളേണ്ടതാണ്.

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1210080 | 1342 |
| കർഷകതൊഴിലാളി പെൻഷൻ | 2557800 | 3138 |
| വിധവാപെൻഷൻ | 11741800 | 10536 |
| വാർദ്ധക്യകാലപെൻഷൻ | 17456970 | 18364 |
| വികലാംഗപെൻഷൻ | 3802090 | 3362 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 180000 | 9 |
| അവിവാഹിതരായ സ്ത്രീകൾക്കുള്ള ധനസഹായം (Above 50 Years) | 457480 | 407 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4) - വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 22.10.2016ന് രാവിലെ 11മണിക്ക് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 733/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

തൊഴിൽ നികുതി രജിസ്റ്ററുകൾ, ട്രേഡേഴ്സ് രജിസ്റ്ററുകൾ, തനത് വരുമാനത്തിന്റെ പ്രതീക്ഷിത വരവും യഥാർത്ഥ വരവും രേഖപ്പെടുത്തുന്ന രജിസ്റ്ററുകൾ എന്നിവ പഞ്ചായത്ത് രാജ് ചട്ടങ്ങൾ അനുശാസിക്കുന്ന പ്രകാരം തയ്യാറാക്കേണ്ടതും സെക്രട്ടറി സാക്ഷ്യപ്പെടുത്തേണ്ടതുമാണ്.

ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ കാലികമാക്കി സൂക്ഷിക്കേണ്ടതും റോഡ് തുടർനിർമ്മാണ, മെയിന്റനൻസ് പണികൾ ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ പരിശോധിച്ച് മുൻഗണനാക്രമം പാലിച്ച് നിർവഹിക്കേണ്ടതുമാണ്.

ഗുണഭോക്തൃസമിതി കൺവീനർ മുഖേന നിർവ്വഹണം നടത്തുന്ന പൊതുമരാമത്ത് പ്രവൃത്തികളിൽ 97ലെ പൊതുമരാമത്ത് ചട്ടങ്ങളിലെ വകുപ്പ് (13) പ്രകാരവും സംസ്ഥാന ആസൂത്രണബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച മാർഗ്ഗ രേഖ പ്രകാരവുമുള്ള വ്യവസ്ഥകൾ കർശനമായും പാലിക്കേണ്ടതാണ്. നിർവഹണ ഉദ്യോഗസ്ഥർ നടപ്പിലാക്കുന്ന പദ്ധതികളുടെ ചെലവ് രേഖകൾ കൃത്യതയോടെ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്. പഞ്ചായത്ത് ലഭ്യമാക്കുന്ന വാർഷിക ചെലവ് പത്രികയിലെ ചെലവും രജിസ്റ്ററുകൾ പ്രകാരമുള്ള ചെലവും പൊരുത്തപ്പെടുന്ന രീതിയിലായിരിക്കണം ചെലവ് പത്രിക തയ്യാറാക്കേണ്ടത്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.7.2016 | 07/2016 | 19.10.2016 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 7.11.2012 മുതൽ 22.11.2018 വരെ | 2004-05 | 15.1.2009 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 എക്സ് - സർവ്വീസ് ഉദ്യോഗസ്ഥരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയില്ല - നഷ്ടം 2250/-രൂപ

ബാങ്ക് ഓഫ് ഇന്ത്യ ബാലരാമപുരം ശാഖയിൽ നിന്നും 2015-16സാമ്പത്തിക വർഷം സമർപ്പിച്ചിട്ടുള്ള രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി പത്രികയിൽ നിന്ന് എക്സ് സർവ്വീസ് ഉദ്യോഗസ്ഥരെ തൊഴിൽ നികുതി ഒടുക്കുന്നതിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു. 15-10-2010ലെ 31134/എഫ്.എം(1)/2010/തയസ്വ.ഭ.വ. നമ്പർ കത്ത് പ്രകാരം എക്സ് സർവ്വീസ് ഉദ്യോഗസ്ഥർ വീണ്ടും വേതനം പറ്റുന്ന തൊഴിലിൽ ഏർപ്പെട്ടാൽ അവർ ആകെ അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരാണ്. എന്നാൽ താഴെ പറയുന്നവരിൽ നിന്ന് രണ്ടാം അർദ്ധവർഷം തൊഴിൽ നികുതി ഈടാക്കിയില്ല.

| ക്രമ നം. | പേര്, ഉദ്യോഗപ്പേര് | സ്ഥാപനം | അർദ്ധ വർഷം | ആകെ വരുമാനം | ഒടുക്കേണ്ട നികുതി |
|---|---|---|---|---|---|
| 1 | ശ്രീ. കുമാർ.എസ്, സബ് സ്റ്റാഫ് | ബാങ്ക് ഓഫ് ഇന്ത്യ | 2 | 135810 | 1250/-രൂപ |
| 2 | ശ്രീ. കൃഷ്ണൻ റ്റി, സബ് സ്റ്റാഫ് | ബാങ്ക് ഓഫ് ഇന്ത്യ | 2 | 111198 | 1000/-രൂപ |
| | ആകെ | | | | 2250/-രൂപ |

ഈ വിഷയത്തിൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 03/16 നമ്പർ ഓഡിറ്റ് അന്വേഷണത്തിന് തുക ഈടാക്കുവാൻ കത്ത് നൽകിയിട്ടുണ്ടെന്ന മറുപടിയാണ് ലഭ്യമാക്കിയത്.മേൽപറഞ്ഞ ഉദ്യോഗസ്ഥരിൽ നിന്ന് രണ്ടാം അർദ്ധവർഷത്തെ തൊഴിൽ നികുതി ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-2 സ്ഥാപനനികുതി ഈടാക്കിയിട്ടില്ല

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 204പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിൽ ലാഭേച്ഛയോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ നിന്നും ഓരോ അർദ്ധവർഷവും സ്ഥാപനനികുതി ഈടാക്കുവാൻ ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ 2015-16സാമ്പത്തിക വർഷം താഴെപറയുന്ന സ്ഥാപനങ്ങളിൽ നിന്ന് ഗ്രാമപഞ്ചായത്ത് സ്ഥാപനനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം. | സ്ഥാപനം | അർദ്ധവർഷം |
|---|---|---|
| 1 | അന്തിയൂർ സർവ്വീസ് സഹകരണ സംഘം | 1, 2 |
| 2 | കെ.റ്റി.ഡി.സി. ബിയർ പാർലർ | 1, 2 |
| 3 | കേരള സ്റ്റേറ്റ് ടെക്സ്റ്റൈൽ കോർപ്പറേഷൻ | 1, 2 |
| 4 | ഗ്രീം ഓഡിറ്റോറിയം | 1, 2 |
| 5 | പ്രിയതമ ഓഡിറ്റോറിയം | 1, 2 |

മേൽ സ്ഥാപനങ്ങളിൽ നിന്ന് അർദ്ധവാർഷിക വരുമാനത്തിന്റെ അടിസ്ഥാനത്തിൽ സ്ഥാപനനികുതി ഡിമാന്റ് ചെയ്ത് ഈടാക്കേണ്ടതാണ്.

## 2-3 ട്രേഡേഴ്സ് രജിസ്റ്റർ സൂക്ഷിക്കുന്നില്ല

1998-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (റിക്കോർഡുകളുടെ സൂക്ഷിപ്പും പകർപ്പ് നൽകലും) ചട്ടം 3പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിലുള്ള വ്യാപാര സ്ഥാപനങ്ങളെ സംബന്ധിച്ച ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കുന്നില്ല.

ലൈസൻസിനായി സ്ഥാപനങ്ങൾ സമർപ്പിക്കുന്ന അപേക്ഷകളെ അടിസ്ഥാനമാക്കിയാണ് ഗ്രാമപഞ്ചായത്ത്

ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന മുഴുവൻ വ്യാപാര സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതാണ്.

## 2-4 റേഷൻ കടകൾക്ക് ലൈസൻസ് നൽകി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല

1996-ലെ കേരള പഞ്ചായത്ത് രാജ് ചട്ടങ്ങൾ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) പട്ടിക 1 ക്രമനമ്പർ 149പ്രകാരം റീട്ടെയിൽ റേഷൻ ഡിപ്പോ, മാവേലി സ്റ്റോർ, കൺസ്യൂമർ സ്റ്റോർ തുടങ്ങിയവയിൽ നിന്നും അവയ്ക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കുന്നതിന് ഗ്രാമപഞ്ചായത്തിന് അധികാരമുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്ത് അതിന്റെ അധികാരപരിധിയിൽ പ്രവർത്തിക്കുന്ന 15 റേഷൻ കടകൾക്ക് ലൈസൻസ് നൽകി ഫീസ് ഈടാക്കിയിട്ടില്ല. (ഓഡിറ്റ് അന്വേഷണം 03/16ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയ മറുപടി) റേഷൻകടകൾക്ക് ലൈസൻസ് നൽകുന്നതിനും സ്ഥാപനങ്ങൾ നടത്തുന്ന വ്യക്തികളിൽ നിന്ന് തൊഴിൽനികുതി ഈടാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 (എ) ഷോപ്പിംഗ് കോംപ്ളക്സ് കരാർ പത്രങ്ങളിൽ വ്യവസ്ഥകൾ രേഖപ്പെടുത്തിയിട്ടില്ല

15-10-2010 ലെ 28758/ഡി.ബി(2)/10/ത.സ്വ.ഭ.വ. നമ്പർ സർക്കുലർ പ്രാകരം നഗരസഭകളുടേയും പഞ്ചായത്തുകളുടേയും ഉടമസ്ഥതയിലുള്ള കടമുറികൾ ,ഓഫീസ്, മാർക്കറ്റ് സ്റ്റാളുകൾ, പൊതുമാർക്കറ്റിലെ ഏതെങ്കിലും ഒരു ഭാഗം തുടങ്ങിയവ ലേലം ചെയ്യുന്നതോ വാടക പാട്ടം എന്നിങ്ങനെ നൽകുന്നതോ സംബന്ധിച്ച് കരാറുകൾ ചമയ്ക്കുന്നതും നിലവിലുള്ള കരാറുകൾ പുതുക്കുന്ന കാര്യത്തിലും കേരള സ്റ്റാമ്പ് ആക്ട് പട്ടികയിലെ എൻട്രി 5(ഡി) പ്രകാരം 200/-രൂപ മൂല്യമുള്ള മുദ്രപത്രത്തിലായിരിക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ളക്സിലെ കടമുറികൾ വാടകയ്ക്ക് നൽകിയിട്ടുണ്ടെങ്കിലും വാടകക്കാരുമായി ഗ്രാമപഞ്ചായത്ത് കരാറുകൾ പുതുക്കുകയോ പുതിയ കരാറുകൾ ചമയ്ക്കുകയോ ചെയ്തിട്ടില്ല.ഷോപ്പിംഗ് കോംപ്ളക്സിലെ വാടകക്കാർ കരാർ ചമയ്ക്കുവാൻ 100/-രൂപ മൂല്യമുള്ള മുദ്രപത്രങ്ങൾ സമർപ്പിച്ചിട്ടുണ്ടെങ്കിലും ചില മുദ്രപത്രങ്ങളിൽ യാതൊരു വിവരങ്ങളും ചേർക്കാതെ ശൂന്യമായി സൂക്ഷിച്ചിരിക്കുന്നു. ഇത്തരം സമീപനങ്ങൾ ചട്ടവിരുദ്ധമായി പ്രവർത്തിക്കുന്ന വാടകക്കാർക്കെതിരെയുള്ള നിയമനടപടികൾ സ്വീകരിക്കുവാൻ കഴിയാത്ത അവസ്ഥയുണ്ടാക്കുന്നു. ആയതിനാൽ വാടകക്കാരുമായി കരാർ ചമയ്ക്കുന്നതിനും ഭാവിയിൽ ഇത്തരം അപാകത ഉണ്ടാകാതിരിക്കുവാനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

(ബി) ഷോപ്പിംഗ് കോംപ്ളക്സ് വാടക – കുടിശ്ശിക 15,170/-രൂപ

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ബാലരാമപുരം ഷോപ്പിംഗ് കോംപ്ളക്സിലെ 2015-16 സാമ്പത്തിക വർഷത്തെ വാടക കുടിശ്ശിക 15,170/-രൂപയാണ്.

കുടിശ്ശിക വരുത്തിയവരെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | വാടകക്കാരൻ | കടമുറി നം. | കുടിശ്ശിക തുക | കുടിശ്ശിക മാസം |
|---|---|---|---|---|
| 1 | ശ്രീ.എൻ.ബേബി | 15 | 7280/- | 08/15 മുതൽ03/2016വരെ |
| 2 | ശ്രീ.എം.എസ്.നവാസ് | 25 | 6636/- | 04/15മുതൽ03 /2016വരെ |
| 3 | ശ്രീ.എം.ഷംസുദ്ദീൻ | 45 | 1254/- | 05/15മുതൽ03 /2016വരെ |
| | ആകെ | | 15,170/-രൂപ | |

കുടിശ്ശിക വരുത്തിയിട്ടുള്ള വാടകക്കാരിൽ നിന്ന് പലിശയുൾപ്പെടെയുള്ള കുടിശ്ശിക ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

## 2-6 മൊബൈൽ ടവറുകളിൽ നിന്നും വസ്തുനികുതി ഈടാക്കുന്നില്ല

ജി.ഒ(എം.എസ്)നം.113/2009/ത.സ്വ.ഭ.വ, തിയതി. 02-01-2009 നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന്റെ അധികാര പരിധിയിൽ മൊബൈൽ ടവറുകൾ സ്ഥാപിച്ചിട്ടുള്ള സ്ഥാപനങ്ങളിൽ നിന്നും ഗ്രാമപഞ്ചായത്ത് വസ്തുനികുതി ഈടാക്കേണ്ടതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് അതിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളിൽ നിന്നും സ്ഥലവിസ്തൃതിയനുസരിച്ച് വസ്തുനികുതി ഈടാക്കുന്നില്ല. പ്രസ്തുത വിഷയത്തിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ടുള്ള 10/16നമ്പർ ഓഡിറ്റ് എൻക്വയറിക്ക് 4 സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങളാണ് ഗ്രാമപഞ്ചായത്ത് ലഭ്യമാക്കിയിട്ടുള്ളത്. പഞ്ചായത്തിന്റെ അധികാര പരിധിയിൽ സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടവറുകളുടെ വിവരങ്ങൾ അടങ്ങിയ രജിസ്റ്റർ തയ്യാറാക്കി പരിപാലിക്കേണ്ടതും സ്ഥലവിസ്തൃതി അനുസരിച്ച് വസ്തുനികുതിയീടാക്കി പഞ്ചായത്തിന്റെ തനതുവരുമാനം വർധിപ്പിക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 2-7 വസ്തുനികുതി - കുടിശ്ശിക 28,08,548 /- രൂപ

1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 203 പ്രകാരം ഗ്രാമപഞ്ചായത്ത് വസ്തുനികുതി നിർണ്ണയിക്കുന്നത് തുടർന്നുള്ള വർഷങ്ങളിൽ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നില്ല. ഗ്രാമപഞ്ചായത്ത് ഓഡിറ്റിന് ഹാജരാക്കിയ ഡി.സി.ബി.പത്രിക പ്രകാരം 2015-16സാമ്പത്തികവർഷം വസ്തുനികുതിയിനത്തിൽ അരിയറും കറന്റും ഉൾപ്പെടെ 28,08,548/-രൂപ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുണ്ട്. എന്നാൽ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം (B-15) അരിയറും (488043/-) കറന്റും (1615385/-) ഉൾപ്പെടെ ആകെ 2103428/-രൂപയാണ് വസ്തുനികുതിയിനത്തിൽ ഗ്രാമപഞ്ചായത്തിന് കുടിശ്ശികയായി കിട്ടാനുള്ളത്.ഡി.സി.ബി. പത്രികയിൽ വാർഷിക ധനകാര്യപത്രികയിലെ കുടിശ്ശിക തുകയേക്കാൾ 705120/-രൂപ കൂടുതലായികാണിച്ചിരിക്കുന്നു.കുടിശ്ശികയിൽ കാണുന്ന മേൽ അപാകത പരിഹരിച്ച് ഗ്രാമപഞ്ചായത്തിന് ലഭിക്കേണ്ട യഥാർത്ഥ വസ്തുനികുതി നിർണയിച്ച് പിരിച്ചെടുക്കുവാൻ ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 243പ്രകാരം കുടിശ്ശിക തുക നഷ്ടപ്പെടാതിരിക്കാൻ വസ്തുനികുതിയുടെ വർഷംതിരിച്ചുള്ള കുടിശ്ശിക നിർണ്ണയിച്ച് റവന്യു റിക്കവറി നടപടികളിലൂടെ കുടിശ്ശിക നികുതിയീടാക്കി പഞ്ചായത്ത് ഫണ്ടിൽ മുതൽ കൂട്ടേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 വി.ഇ.ഒ.നിർവ്വഹിച്ച പദ്ധതികളിലെ അപാകതകൾ

(എ) വരുമാനം ഉറപ്പ് വരുത്താതെ ആനുകൂല്യം അനുവദിച്ചു

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി 2015-16സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 13പദ്ധതികൾ നടപ്പിലാക്കി. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം പദ്ധതി ആനുകൂല്യങ്ങൾക്കുള്ള അപേക്ഷകർ അപേക്ഷയോടൊപ്പം വരുമാന സർട്ടിഫിക്കറ്റും ഹാജരാക്കേണ്ടതാണ്. എന്നാൽ വി.ഇ.ഒ.

നടപ്പിലാക്കിയ പദ്ധതികളിലെ ഗുണഭോക്താക്കളിൽ ഭൂരിഭാഗവും അപേക്ഷയോടൊപ്പം വരുമാനം തെളിയിക്കുന്നതിന് വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല. പദ്ധതി ആനുകൂല്യങ്ങൾക്ക് ലഭിക്കുന്ന അപേക്ഷകളിൽ മതിയായ രേഖകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പ് വരുത്തി അർഹരായവരെ കണ്ടെത്തേണ്ടതാണ്. പദ്ധതികൾ നടപ്പിലാക്കുമ്പോൾ നിർവ്വഹണ ഉദ്യോഗസ്ഥർ സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ കർശനമായി പാലിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

(ബി) ഭവനനിർമ്മാണം - പദ്ധതി ലക്ഷ്യം കൈവരിച്ചില്ല.

പദ്ധതി നമ്പർ - SO248/16

പദ്ധതിയുടെ പേര് - ഭവനനിർമ്മാണം (ജനറൽ)

പദ്ധതി അടങ്കൽ - 1000000 (വി.ഫണ്ട്., 271670 ധനകാര്യ കമ്മിഷൻ ഗ്രാന്റ് 6000000,

തനത് ഫണ്ട് 128330 )

ചെലവ് - 6000000

നിർവ്വഹണ ഉദ്യോഗസ്ഥൻ - വി.ഇ.ഒ.

ഗ്രാമപഞ്ചായത്തിലെ ഭവനരഹിതരായ 6 ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണത്തിനായി 2 ലക്ഷം രൂപ വീതം ധനസഹായം നൽകുന്ന പദ്ധതിയാണിത്. പ്രസ്തുത പദ്ധതി പ്രകാരം മുഴുവൻ തുകയും (2 ലക്ഷം രൂപ) കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കിയത് ഒരു ഗുണഭോക്താവ് മാത്രമാണ്. ശേഷിക്കുന്ന 5 ഗുണഭോക്താക്കൾ 3 ഗഡുക്കളായി പരമാവധി തുക കൈപ്പറ്റിയെങ്കിലും അവശേഷിക്കുന്ന തുക കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തിയാക്കാത്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ലായെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. നിർവഹണ ഉദ്യോഗസ്ഥനുമായി ഗുണഭോക്താക്കൾ ചമച്ചിട്ടുള്ള കരാർ പ്രകാരം ഭവന നിർമ്മാണം സമയബന്ധിതമായി പൂർത്തിയാക്കാൻ നിർവഹണ ഉദ്യോഗസ്ഥൻ കർശന നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിൽ പദ്ധതി ലക്ഷ്യം കൈവരിക്കുമായിരുന്നു. മേൽ പദ്ധതി പ്രകാരം ഭവന നിർമ്മാണം പൂർത്തിയാക്കാത്തവരെ സംബന്ധിച്ച വിവരങ്ങളാണ് ചുവടെ കൊടുത്തിരിക്കുന്നത്.

| ക്രമ നം. | അപേക്ഷകന്റെ പേര്, വിലാസം, വാർഡ് നമ്പർ | കൈപ്പറ്റിയ തുക |
|---|---|---|
| 1 | റഫീക്കാ ബീവി, തെക്കേ മലഞ്ചരിവ്, എരുത്താവൂർ, ബാലരാമപുരം, വാർഡ് നം. 1 | 80000 |
| 2 | തങ്കമണി, തെക്കേ മലഞ്ചരിവ്, എരുത്താവൂർ, ബാലരാമപുരം, വാർഡ് നം. 1 | 120000 |
| 3 | സുജ.എസ്, ചരലുവിള വീട്, കോട്ടുകാൽക്കോണം, കട്ടച്ചൽക്കുഴി, ബാലരാമപുരം, വാർഡ് നം. | 180000 |
| 4 | തങ്കരാജൻ, മണ്ണറക്കണ്ടം, ചരുവിള പുത്തൻ വീട്, കട്ടച്ചൽക്കുഴി, ബാലരാമപുരം, 11 | 80000 |
| 5 | സുരേന്ദ്രൻ, തൊളിയറത്തല വീട്, അന്തിയൂർ, ബാലരാമപുരം, വാർഡ് നം. 14 | 180000 |

പദ്ധതി പ്രകാരം പരമാവധി തുക കൈപ്പറ്റി ഭവനനിർമ്മാണം പൂർത്തിയാക്കാത്ത മേൽ പറഞ്ഞിട്ടുള്ളവർക്കെതിരെ തുടർനടപടി സ്വീകരിച്ച് ഭവനനിർമ്മാണം പൂർത്തീകരിപ്പി ക്കേണ്ടതും പദ്ധതി ലക്ഷ്യം കൈവരിക്കേണ്ടതുമാണ്.

## 3-2 ഇരുപത്തിമൂന്ന് അംഗനവാടികൾ വാടകക്കെട്ടിടത്തിൽ

ഗ്രാമപഞ്ചായത്തിന്റെ നിയന്ത്രണത്തിൽ ആകെ 39അംഗനവാടികൾ പ്രവർത്തിക്കുന്നു. ഇതിൽ 16 അംഗൻവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളുണ്ട്. എന്നാൽ 23അംഗൻവാടികൾ ഇന്നും വാടകക്കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന അംഗൻവാടികൾക്ക് സ്വന്തമായി സ്ഥലം കണ്ടെത്താനും അവയുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുവാനും ഭരണതലത്തിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്. വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്നതും പാചക ഗാസ്, വൈദ്യുതി, കടിവെള്ള സൗകര്യം എന്നിവ ലഭ്യമല്ലാത്തതുമായ അംഗൻവാടികളെ സംബന്ധിച്ച വിവരങ്ങളാണ് താഴെ കൊടുത്തിരിക്കുന്നത്.

| ക്രമ | അംഗനവാടി നമ്പരും | വാടകകെട്ടിടത്തിൽ | വൈദ്യുതി | ഗ്യാസ് /വാട്ടർ |
|---|---|---|---|---|

| നം. | സ്ഥലവും | പ്രവർത്തിക്കുന്നത് | ലഭ്യമല്ലാത്തത് | കണക്ഷൻ ലഭ്യമല്ലാത്തത് |
|---|---|---|---|---|
| 1 | എരുത്താവൂർ | - | വൈദ്യുതി ഇല്ല | വാട്ടർ കണക്ഷൻ ഇല്ല |
| 2 | പേഴൂർക്കോണം | | വൈദ്യുതി ഇല്ല | |
| 3 | വടക്കേ മലഞ്ചരിവ് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 4 | തേമ്പാമുട്ടം | - | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 5 | റസ്സൽപുരം | വാടകക്കെട്ടിടം | | ഗ്യാസ് കണക്ഷൻ ഇല്ല |
| 6 | എള്ളുവിള | വാടകക്കെട്ടിടം | | ഗ്യാസ് കണക്ഷൻ ഇല്ല |
| 7 | വില്ലിക്കുളം | - | - | - |
| 8 | പുന്നയ്ക്കാട് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 9 | കന്നത്തുവിള | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 10 | തേരന്നൂർ | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 11 | ആലുവിള | - | വൈദ്യുതി ഇല്ല | - |
| 12 | കരിം പ്ലാവിള | - | വൈദ്യുതി ഇല്ല | ഗാസ് കണക്ഷൻ ഇല്ല |
| 13 | പരുത്തിയൂർക്കോണം | - | വൈദ്യുതി ഇല്ല | - |
| 14 | പുളിയിൽ | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 15 | പരപ്പിൻതല | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 16 | കൃഷിഭവൻ | - | - | - |
| 17 | നെല്ലിവിള | - | വൈദ്യുതി ഇല്ല | - |
| 18 | പുതിച്ചൽ | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 19 | രാമപുരം | വാടകക്കെട്ടിടം | _ | ഗ്യാസ് കണക്ഷൻ ഇല്ല |
| 20 | പരുത്തിവേലി | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 21 | കേഴോട് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 22 | കോട്ടുകാൽക്കോണം | - | വൈദ്യുതി ഇല്ല | വാട്ടർ കണക്ഷൻ ഇല്ല |
| 23 | കാവിൻപുറം | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 24 | പാലച്ചൽക്കോണം | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 25 | മൈലാമൂട് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 26 | അന്തിയൂർ, നെല്ലിവിള | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 27 | പാതിരിയോട് | - | വൈദ്യുതി ഇല്ല | - |
| 28 | തോട്ടത്തുവിളാകം | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 29 | തെക്കേക്കുളം | | - | - |
| 30 | ആർ.സി.തെരുവ് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 31 | പനയറക്കുന്ന് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 32 | പരുത്തിത്തോപ്പ് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |

| | | | | |
|---|---|---|---|---|
| 33 | ചാമവിള | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 34 | ഐത്തിയൂർ | - | വൈദ്യുതി ഇല്ല | വാട്ടർ കണക്ഷൻ ഇല്ല |
| 35 | വലിയവിള | - | വൈദ്യുതി ഇല്ല | വാട്ടർ കണക്ഷൻ ഇല്ല |
| 36 | മണ്ണാറുകുന്ന് | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 37 | തോപ്പിൽ, മണലി | - | - | - |
| 38 | കുടല്ലൂർ | വാടകക്കെട്ടിടം | - | ഗ്യാസ് കണക്ഷൻ ഇല്ല |
| 39 | വാണികർ തെരുവ് | - | - | - |

മേൽപറഞ്ഞ അംഗനവാടികളുടെ പ്രവർത്തനം സ്വന്തം കെട്ടിടങ്ങളിലാക്കുവാനും എല്ലാ അംഗനവാടികൾക്കും പാചകവാതകം, വൈദ്യുതി, കുടിവെള്ളം എന്നിവയുടെ ലഭ്യത ഉറപ്പാക്കുവാനും ഫലപ്രദമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അംഗനവാടികളെ സംബന്ധിച്ച വിവരം 2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും പരാമർശിച്ചിട്ടുണ്ട്.എന്നാൽ അധികൃതർ അർഹിക്കുന്ന പ്രാധാന്യം നൽകി തുടർനടപടി സ്വീകരിച്ചിട്ടില്ല.

## 3-3 ചെലവ് പത്രികയിലെ ചെലവ് തുകയും നിർവഹണോദ്യോഗസ്ഥന്റെ ചെലവ് തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല

2015-2016 സാമ്പത്തിക വർഷത്തെ പദ്ധതിചെലവുകൾ വ്യക്തമാക്കുന്ന ചെലവ് പത്രികയിലെ ചെലവ് തുകയും നിർവഹണോദ്യോഗസ്ഥൻ യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകയും തമ്മിൽ ചുവടെ പറയുന്ന രീതിയിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.

| ക്രമ നം. | നിർവഹണോദ്യോഗസ്ഥൻ, പദ്ധതി നം. | ചെലവ് പത്രികയിൽ പറയുന്ന ചെലവ് | യഥാർത്ഥ പദ്ധതി-ചെലവ് | ചെലവുകൾ തമ്മിലെ വ്യത്യാസം |
|---|---|---|---|---|
| 1 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പദ്ധതി നം. 89/16 ,പദ്ധതി- ബഡ് സ്കൂളിലേയ്ക്ക് വാഹനം വാടകയ്ക്ക് എടുക്കൽ (പ്രതിദിനം 950/- രൂപ പ്രകാരം ഒരു വർഷം) | 30400/- രൂപ | 118750/- രൂപ | 88350/- വാർഷിക ചെലവ് പത്രികയിൽ കുറവ് കാണിച്ചിരിക്കുന്നു. |
| 2 | ഐ.സി.ഡി.എസ്. സൂപ്പർവൈസർ, പദ്ധതി നം. എസ്.ഒ.173/15, പദ്ധതി ബഡ് സ്കൂൾ - വാഹനം വാടകയ്ക്ക് എടുക്കൽ (പ്രതിദിനം 600/- രൂപ പ്രകാരം ഒരു വർഷം) | 11400/- രൂപ | 129000/- രൂപ | 117600/- രൂപ വാർഷിക ചെലവ് പത്രികയിൽ കുറവ് കാണിച്ചിരിക്കുന്നു. |
| 3 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി.,<br>പദ്ധതി നം. 05/15-16 | 586125/- രൂപ | 525304/- രൂപ | 60821/- രൂപ വാർഷിക ചെലവ് പത്രികയിൽ കൂടുതലായി കാണിച്ചിരിക്കുന്നു. |
| 4 | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി., പദ്ധതി നം. 175/15-16 | 17375/- രൂപ | 72000/- രൂപ | 54625/- രൂപ വാർഷിക ചെലവ് പത്രികയിൽ കുറവ് കാണിച്ചിരിക്കുന്നു. |
| 5 | ഹെഡ് മാസ്റ്റർ, ദവ. എൽ.പി. സ്കൂൾ, പദ്ധതി നം. 23/15-16 | 50000/- രൂപ | 20000/- രൂപ | 30000/- രൂപ വാർഷിക ചെലവ് പത്രികയിൽ കൂടുതലായി കാണിച്ചിരിക്കുന്നു. |

പദ്ധതികളുമായി ബന്ധപ്പെട്ട മേൽപ്പറഞ്ഞ രീതിയിലുള്ള യഥാർത്ഥ ചെലവും ഓഡിറ്റിന് ഹാജരാക്കിയ ചെലവ് പത്രികയിൽ കാണിച്ചിരിക്കുന്ന ചെലവും തമ്മിലുള്ള വ്യത്യാസം അംഗീകരിക്കാവുന്നതല്ല. പദ്ധതികൾക്ക് യഥാർത്ഥത്തിൽ ചെലവ് ചെയ്ത തുകയാണ് ചെലവ് പത്രികയിൽ കാണിക്കേണ്ടത്. അപാകതകൾ പരിഹരിച്ച് യഥാർത്ഥ ചെലവും ചെലവ് പത്രികയിൽ കാണിച്ചിരിക്കുന്ന ചെലവും തമ്മിൽ പൊരുത്തപ്പെടുത്തേണ്ടതാണ്. ക്രമ നം. 2ൽ പറയുന്നത് സ്പിൽ ഓവർ പദ്ധതിയായതിനാൽ മുൻവർഷത്തെ ആകെ പദ്ധതി ചെലവ് തുകയുടെ ബാക്കി തുകയായിരിക്കണം പ്രസ്തുത പദ്ധതിയിൽ ചെലവ് ചെയ്യേണ്ടത്.

## 3-4 പോഷകാഹാര പദ്ധതിക്ക് ലഭിക്കുന്ന കേന്ദ്രവിഹിതം തനത് ഫണ്ടിൽ സൂക്ഷിക്കുന്നു

അംഗനവാടികളിലെ പോഷകാഹാര വിതരണത്തിന് ചെലവാക്കുന്ന തുകയിൽ നിബന്ധനകൾക്ക് വിധേയമായി കേന്ദ്ര ഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50 ശതമാനം തുക ഗ്രാമപഞ്ചായത്ത് പ്രത്യേക അക്കൗണ്ടിലാണ് സൂക്ഷിക്കേണ്ടത്. എന്നാൽ ഗ്രാമപഞ്ചായത്ത് ഇത്തരത്തിൽ ലഭിച്ച കേന്ദ്രവിഹിതം തനതുവരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിലാണ് സൂക്ഷിച്ചിരിക്കുന്നത്. ജി.ഒ(പി)177/2006/ധനം, 11-3 തിയതി 12-04-2006 പ്രകാരം കേന്ദ്ര വിഹിതം പ്രത്യേകം അക്കൗണ്ടിൽ സൂക്ഷിക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്. പ്രസ്തുത വിഷയം 2014-15സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ അധികൃതർ യാതൊരുവിധ തുടർനടപടികളും സ്വീകരിച്ചിട്ടില്ല.

## 3-5 സ്കോളർഷിപ്പ് - ഗുണഭോക്തൃലിസ്റ്റില്ലാത്തവർക്ക് - 25000രൂപ തടസ്സം

പ്രോജക്ടിന്റെ പേര് : മെറിറ്റോറിയസ് വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ്.

പ്രോജക്ട് നം : So 23/2015-16

അടങ്കൽ : 250000/- വികസന ഫണ്ട് (എസ്.സി.പി)

ചെലവ് തുക : 225000/-

ബിൽ നമ്പർ : 4/15-16, തീയതി- 17.12.2015

ബാലരാമപുരം ഗ്രാമപഞ്ചായത്ത് 2015-16 വർഷം പട്ടികജാതി വിദ്യാർത്ഥികൾക്കായി നടപ്പിലാക്കിയ പദ്ധതിയാണ് ഇത്. പഞ്ചായത്ത് കമ്മിറ്റിയുടെ 23.07.15 ലെ 1(ബി) നമ്പർ തീരുമാന പ്രകാരം 28 പേരുടെ ലിസ്റ്റ് അംഗീകരിക്കുകയും 28.09.15 ലെ തീരുമാന പ്രകാരം പ്രസ്തുത ലിസ്റ്റിൽ നിന്നും 9 പേരടങ്ങുന്ന സെലക്ട് ലിസ്റ്റ് നിർവ്വഹണ ഉദ്യോഗസ്ഥയായ തലയൽ ഗവ.എൽ.പി സ്കൂൾ ഹെഡ്മിസ്ട്രസിന് കൈമാറുകയും ചെയ്തു. പദ്ധതി നടപ്പിലാക്കിയ നിർവ്വഹണഉദ്യോഗസ്ഥ ഗ്രാമസഭാലിസ്റ്റിൽ ഇല്ലാത്ത വിപിൻരാജ്.ടി.എസ് (പാർപ്പിടം, തേമ്പാമൂട്, ബാലരാമപുരം) എന്ന വിദ്യാർത്ഥിക്ക് പദ്ധതി വിഹിതമായ 25000/- രൂപ (DD Number - 10496/21.12.15) നൽകി . ഇത് സംബന്ധിച്ച് നൽകിയ 25.10.2016ലെ ഓഡിറ്റ് എൻക്വയറി 2/16 ന് ലഭ്യമാക്കിയ മറുപടി തൃപ്തികരമല്ല. വിവിധ വാർഡുകളിലെ 28 ഗുണഭോക്താക്കളടങ്ങിയ ലിസ്റ്റിൽ നിന്നും 9 പേരെ മാത്രം സെലക്ട് ചെയ്ത് ലിസ്റ്റ് തയ്യാറാക്കി നിർവ്വഹണഉദ്യോഗസ്ഥയ്ക്ക് നൽകിയ ഭരണസമിതി തീരുമാനം നിലനിൽക്കുന്നതല്ല. എന്തടിസ്ഥാനത്തിലാണ് 9പേരെ മാത്രം പരിഗണിച്ചതെന്ന് വ്യക്തമല്ല. ഗ്രാമസഭ അംഗീകരിച്ച മുൻഗണനാലിസ്റ്റ് ഭരണസമിതി അംഗീകരിച്ച ശേഷം നിർവ്വഹണ ഉദ്യോഗസ്ഥന് കൈമാറുകയാണ് വേണ്ടത്. (ജി.ഒ.(എം.എസ്).362/2013, തസ്വഭവ 16.11.2013) വിപിൻരാജ്.ടി.എസ്. ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പട്ടയാളാണെന്നും ആനുകൂല്യം നൽകണമെന്നും ആവശ്യപ്പെട്ടു കൊണ്ടുള്ള 28.09.15 ലെ 111(1)-ാം നമ്പർ കമ്മിറ്റി തീരുമാനം ശരിയായിരുന്നില്ല. ടിയാൻ ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പട്ടയാളല്ല. ഗുണഭോക്തൃലിസ്റ്റ് പരിശോധിച്ച് അർഹത ഉറപ്പാക്കാതെ പഞ്ചായത്ത് തീരുമാനം നടപ്പിലാക്കിയ നിർവ്വഹണ ഉദ്യോഗസ്ഥയുടെ നടപടി സാധൂകരിക്കാവുന്നതുമല്ല. ആകയാൽ വിപിൻരാജിന് നൽകിയ 25000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് കമ്മിറ്റിയുടെ വിശദീകരണവും നിർവ്വഹണ ഉദ്യോഗസ്ഥയുടെ മറുപടിയും ലഭ്യമാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

## 3-6 സർക്കാരുദ്യോഗസ്ഥന് കാലിത്തൊഴുത്ത് സബ്സിഡി 10000 രൂപ തടസ്സം

പ്രോജക്റ്റിന്റെ പേര് : പുതിയ കാലിത്തൊഴുത്ത് നിർമ്മാണം

പ്രോജക്റ്റ് നം : So 23/2015-16

അടങ്കൽ : 640000/-( വികസന ഫണ്ട് 320000+ ഗുണഭോക്തൃവിഹിതം 320000)

ചെലവ് തുക : 310000/-

ബിൽ നമ്പർ : 90000 - 1/15-16, തീയതി- 30.01.2016

220000 - 2/15-16, തീയതി - 28.03.16

ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ തൊഴുത്ത് നിർമ്മാണ പദ്ധതിക്കായി വെറ്റിനറി സർജൻ വികസന ഫണ്ടിൽ നിന്നും ഒരാൾക്ക് 10000 രൂപ വീതം 31 പേർക്കായി ആകെ 310000 രൂപ ചെലവഴിച്ചു. ഗുണഭോക്താവിനെ സംബന്ധിച്ച് ആധികാരിക രേഖയായി ഫയലിൽ സൂക്ഷിച്ചിട്ടുള്ള റേഷൻകാർഡിന്റെ പകർപ്പിൽ നിന്നും പഞ്ചായത്തിന്റെ ആറാം വാർഡിലെ താമസക്കാരനായ ശ്രീ.വിജയൻ(വാറുവിളാകത്ത് വീട്,) സർക്കാർ ഉദ്യോഗസ്ഥനാണെന്ന് കാണുന്നു. മാത്രമല്ല ആറാം വാർഡിലെ ഗുണഭോക്തൃ ലിസ്റ്റിലുൾപ്പെടാത്തയാളുമാണ്. (ജി.ഒ.(എം.എസ്).362/2013, തസ്വഭവ16.11.2013) ലെ പദ്ധതി മാർഗ്ഗരേഖ പ്രകാരം, കുടുംബ വാർഷിക വരുമാനം 50000 ൽ കവിയാത്തവർക്കും ചെറുകിടനാമമാത്ര കർഷകർക്കും മാത്രമാണ് തൊഴുത്ത് നിർമ്മാണത്തിന് സബ്സിഡി അനുവദിക്കാൻ കഴിയുക. കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ഇതേ സർവ്വേ നമ്പരിൽ ഇതേ പുരയിടത്തിൽ തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായം നൽകിയിട്ടില്ല എന്ന് വെറ്റിനറി സർജൻ സർട്ടിഫൈ ചെയ്യുകയും വേണം. എന്നാൽ ഈ നിബന്ധനകൾ പാലിക്കാതെയാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ആയതിനാൽ 10000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. വിശദീകരണമാവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി 7/16ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-7 ഗുണഭോക്തൃലിസ്റ്റില്ല്ലാത്തവർക്ക് ആട്ടോറിക്ഷാ സബ്സിഡി-400000 രൂപ തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റിന്റെ പേര് : ആട്ടോറിക്ഷാ സബ്സിഡി

പ്രോജക്റ്റ് നം : So 35/2015-16

അടങ്കൽ : 450000/-( വികസന ഫണ്ട് എസ്.സി.പി )

ചെലവ് തുക : 450000/-

ബിൽ നമ്പർ : -

ബാലരാമപുരം ഗ്രാമപഞ്ചായത്തിൽ 2015-16 സാമ്പത്തിക വർഷം അസിസ്റ്റന്റ് സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ മേൽപറഞ്ഞ പദ്ധതിക്കായി വികസന ഫണ്ടിൽ നിന്നും 450000 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്വയംതൊഴിൽ സംരംഭമായി ബാങ്ക് ലോൺ മുഖേന ആട്ടോറിക്ഷാ വാങ്ങുന്നതിന് സബ്സിഡിയായി ഗുണഭോക്താവൊന്നിന് 50000 വീതം 9 പേർക്ക് നൽകി. സബ്സിഡി കൈപ്പറ്റിയ 9 പേരിൽ 8പേരും 2015-16 ലെ അംഗീകൃത ഗുണഭോക്തൃലിസ്റ്റിൽ ഉൾപ്പട്ടവരല്ല. പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച (23.07.2015,1(ബി)നം തീരുമാനം) 2015-16ലെ ഗുണഭോക്തൃലിസ്റ്റിൽ മേൽ സൂചിപ്പിച്ച 8 പേരുടെയും പേരുകൾ പിന്നീട് കൂട്ടിച്ചേർത്തിട്ടുള്ളതാണ്. ബാങ്ക് ലോണിന്റെ നമ്പർ, ബാങ്ക് ഡി.ഡി. കൈപ്പറ്റിയതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയില്ല.

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമനമ്പർ | വാർഡ്നമ്പർ (റേഷൻകാർഡ് പ്രകാരം) | ഗുണഭോക്താവിന്റെ പേര്, വിലാസം | ഡി.ഡി.നമ്പർ, തീയതി | കൈപ്പറ്റിയ തുക |
|---|---|---|---|---|
| 1 | I | രതീഷ് .റ്റി പാണറവിളവീട്,തേമ്പാമൂട്ടം | 15546/17.03.16 | 50000 |

| | | | | |
|---|---|---|---|---|
| 2 | ലഭ്യമല്ല. | രാജീവ്.ആർ, കുഴിവിളവീട്,അന്തിയൂർ | 737514/30.03.16 | 50000 |
| 3 | XII | സുനീഷ്കുമാരൻ, തിരുവാതിര,കോഴോട് | 15537/17.03.16 | 50000 |
| 4 | II | സനൽ.ബി, വടക്കുംകരപുത്തൻവീട്, മുണ്ടുകോണം | 15549/17.03.16 | 50000 |
| 5 | XIV | അജയ്ഘോഷ്.ടി, ചാമവിളപുത്തൻവീട്, ഐത്തിയൂർ | 15548/17.03.16 | 50000 |
| 6 | III | അനിൽകുമാർ.ജി, പാറക്കുഴി ഹരിജൻകോളനി,തലയൽ | 15547/17.03.16 | 50000 |
| 7 | II | വിപിൻരാജ് , പുത്രവിളവീട്,തേമ്പാമുട്ടം | 737516/30.03.16 | 50000 |
| 8 | VI | വിജയൻ.കെ, മണ്ണാർകുന്ന് വീട്, ഐത്തിയൂർ. | 737513/30.03.16 | 50000 |
| | | | ആകെ | 400000 |

ബാങ്കുമായി ബന്ധപ്പെടുത്തി തുക വിതരണം നടത്തണമെന്ന പ്രോജക്ട് നിർദ്ദേശം പാലിക്കാത്തതിന്റെ കാരണം അന്വേഷണവിധേയമാക്കേണ്ടതാണ്. ഇതു സംബന്ധിച്ച് ആഡിറ്റ് എൻക്വയറി(നം. 06-16) നൽകിയെങ്കിലും ആയതിന് മറുപടി നൽകിയിട്ടില്ല. ആയതിനാൽ ഗുണഭോക്തൃലിസ്റ്റില്ല്ലാത്തവർക്ക് സബ്സിഡിയായി അനുവദിച്ച 400000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ സ്പിൽഓവർ പദ്ധതി നടപ്പിലാക്കി - ചെലവ് തടസ്സപ്പെടുത്തുന്നു

പ്രോജക്റ്റിന്റെ പേര് : യുവജനങ്ങൾക്ക് ആട്ടോറിക്ഷ വാങ്ങൽ ധനസഹായം

പ്രോജക്ട് നം : So 192/2015-16

അടങ്കൽ : 700000/-(വികസന ഫണ്ട് - 125000 വികസന ഫണ്ട് എസ്.സി.പി - 575000 )

ചെലവ് തുക : 700000/-

ബിൽ നമ്പർ : 29/16 തീയതി 17.3.2016 , 28/16 തീയതി 17.3.2016

അംഗീകാരം ലഭിച്ച ഒരു പ്രോജക്ട് നിർവ്വഹണം ആരംഭിച്ചെങ്കിലും പൂർത്തികരിക്കാതിരിക്കുകയോ നിർവ്വഹണം ആരംഭിക്കാൻ തന്നെ കഴിയാതിരിക്കുകയോ പൂർത്തികരിച്ച ശേഷം പണം നൽകാതിരിക്കുകയോ ചെയ്താൽ ആ പ്രോജക്ട് ഭരണസമിതി തീരുമാന പ്രകാരം അടുത്ത വർഷത്തെ പദ്ധതിയിൽ സ്പിൽഓവർ ആയി ഉൾപ്പെടുത്താവുന്നതാണ് (ജി.ഒ.(എം.എസ്).362/2013, തസ്വഭവ16.11.2013). എന്നാൽ ബാലരാമപുരം ഗ്രാമ പഞ്ചായത്ത് 2015-16 സാമ്പത്തികവർഷം സ്പിൽഓവർ ആയി നടപ്പാക്കിയ യുവജനങ്ങൾക്ക് ആട്ടോറിക്ഷ വാങ്ങൽ ധനസഹായം പദ്ധതിയിൽ (എസ്.സി.പി.) ഈ നിർദ്ദേശം പാലിച്ചിട്ടില്ല. 2014-15 ൽ വികസന ഫണ്ട് വകയിരുത്തി വിഭാവനം ചെയ്ത പ്രോജക്ട് ആരംഭിച്ചതായി രേഖയില്ല. ഈ വിഷയം സംബന്ധിച്ച ഓഡിറ്റ് അന്വേഷണത്തിന് നിർവഹണ ഉദ്യോഗസ്ഥൻ ലഭ്യമാക്കിയ മറുപടിയിൽ പറഞ്ഞിട്ടുള്ളതും 2014-15 ലേക്ക് ഗുണഭോക്താക്കളെ കണ്ടെത്താൻ കഴിഞ്ഞിട്ടില്ലെന്നാണ്. 2015-16 വർഷത്തേയ്ക്ക് തെരെഞ്ഞെടുത്ത ഗുണഭോക്താക്കളിൽ നിന്നും 2014-15 വർഷത്തെ പദ്ധതി ഗുണഭോക്താക്കളെ കണ്ടെത്തിയെന്നാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ സബ്സിഡി തുക കൈപ്പറ്റിയ 14 ഗുണഭോക്താക്കളിൽ 10 പേരും 2015-16ലേയും അംഗീകൃത ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടില്ല. ബാങ്ക് ലോണുമായി ബന്ധപ്പെടുത്തി പദ്ധതി നിർവഹണം

നടത്തുവാനും സബ്സിഡി വിതരണം നടത്തുവാനും നിർദ്ദേശിച്ചിരുന്നുവെങ്കിലും ഗുണഭോക്താക്കൾക്ക് ബാങ്ക് ലോൺ അനുവദിച്ചതിന്റെ രേഖയും ലോൺ നമ്പർ/തീയതി എന്നിവയും പരിശോധനാ വിധേയമാക്കാതെയും പ്രസ്തുത രേഖകൾ പദ്ധതി ഫയലിൽ സൂക്ഷിക്കാതെയുമാണ് സബ്സിഡി തുക വിതരണം നടത്തിയിട്ടുള്ളതെന്നു കാണുന്നു. മതിയായ പഠനം നടത്താതെയും ചർച്ച നടത്താതെയും പദ്ധതി നടപ്പിലാക്കിയത് പദ്ധതി പണം എങ്ങനെയും ചെലവഴിക്കുക എന്ന ലക്ഷ്യത്തോടെയാണ്. പദ്ധതി മോണിറ്ററിംഗ് നടത്തിയിട്ടുമില്ല. സർക്കാർ മാർഗ്ഗരേഖയിലെ നിർദ്ദേശങ്ങൾ പാലിക്കാതെ നടപ്പാക്കിയ പദ്ധതി ആകയാൽ സ്പിൽഓവർ പദ്ധതിക്കായി ചെലവാക്കിയ 700000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.പദ്ധതി ചെലവിന് സർക്കാർ സാധൂകരണം വാങ്ങേണ്ടതാണ്. വിശദീകരണം ആവശ്യപ്പെട്ടു നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 6/16,8/16 എന്നിവയ്ക്ക് നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റന്റ് സെക്രട്ടറി നൽകിയ മറുപടി തൃപ്തികരമല്ല.

## 3-9 ഗുണഭോക്തൃ സമിതി പ്രവൃത്തികൾ സർക്കാർ നിർദ്ദേശങ്ങൾ പാലിയ്ക്കാതെ

സംസ്ഥാന സർക്കാർ പുറപ്പെടുവിച്ച ജി.ഓ(എം.എസ്)36/98/ത.ഭ.വ.തീയതി 13.02.1998, ജി.ഓ(എം.എസ്)64/98/ തീയതി.17.08.1999 എന്നിവയിലെ നിർദ്ദേശങ്ങൾ പാലിക്കാതെയാണ് എല്ലാ പൊതുമരാമത്തുപ്രവൃത്തികളും നിർവഹിച്ചിരിക്കുന്നത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) ഗുണഭോക്തൃ സമിതി അംഗങ്ങളെയും കൺവീനറെയും തെരഞ്ഞെടുക്കാൻ വേണ്ടി മാത്രമാണ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്.വർക്കുകൾ നടക്കുമ്പോൾ പുരോഗതി വിലയിരുത്താനോ പ്രവൃത്തികളുടെ വരവ് ചിലവ് കണക്കുകൾ അവതരിപ്പിക്കാനോ കമ്മിറ്റി യോഗം ചേർന്നിട്ടില്ല.

2) ബാങ്ക് വായ്പകൾ ,പാർട്ട് ബില്ലുകൾ, സെക്യൂർഡ് അഡ്വാൻസ്,ഫൈനൽ ബിൽ,യന്ത്രങ്ങളുടെ വാടക,സാധനങ്ങളുടെ വാടക,കടത്തുകൂലി,നികുതി എന്നിവ രേഖപ്പെടുത്തുന്ന *വരവ് ചിലവ് കണക്കു പുസ്തകം* സൂക്ഷിച്ചിട്ടില്ല.

3)തൊഴിലാളികളുടെ പേര്, വിലാസം,ഹാജർ,വേതന നിരക്ക്,വേതനം,എന്നിവ രേഖപ്പെടുത്തുന്ന *മസ്റ്റർ റോൾ* സൂക്ഷിച്ചിട്ടില്ല.

4)പ്രവൃത്തിയുടെ പുരോഗതി വിലയിരുത്തുന്നതിനു ആഴ്ചയിലൊരിക്കൽ നിർബന്ധമായും ചേരേണ്ട നിർവ്വഹണ കമ്മിറ്റി യോഗംചേർന്നതായുള്ള *മിനിറ്റ്സ് ബുക്ക്* സൂക്ഷിച്ചിട്ടില്ല.

5)പെറ്റി വർക്കുകളുടെ വൗച്ചറുകൾ, ക്യാഷ് ബില്ലുകൾ,*ദൈനംദിന ഡയറി ബുക്കും* കൺവീനർ സൂക്ഷിച്ചിട്ടില്ല.

6)പൂർത്തികരണ കാലയളവ് കരാറിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാൽ പ്രവൃത്തികൾക്കു കാലതാമസം നേരിട്ടോ എന്നു പരിശോധിക്കാൻ കഴിഞ്ഞിട്ടില്ല.

ഒരു ഉദാഹരണം ചുവടെ ചേർക്കുന്നു

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | വാറുതട്ട് കരയ്ക്കാട്ടുവിള റോഡ് റീടാറിംഗ് രണ്ടാം ഘട്ടം ( 147/16 |
| ഫണ്ട് | മെയിന്റനൻസ് ഫണ്ട് (റോഡ്), |
| അടങ്കൽ തുക | 435500/- |
| കൺവീനർ | ശ്രീമതി.റ്റി.ബേബിയമ്മ. |
| അളവു പുസ്തകം | 956/14-15 |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | ശ്രീമതി.മാലിനി.എസ്. സാം |

| | |
|---|---|
| ബിൽ നം. തീയതി | Bp/15-16, 28/09/2015 |
| ബിൽ തുക | 435500/- |

## 3-10 നിക്ഷേപ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല

2015-16 സാമ്പത്തിക വർഷം നടപ്പിലാക്കിയ നിക്ഷേപ പ്രവൃത്തികളിൽ താഴെ പറയുന്നവ പൂർത്തിയായിട്ടില്ല. വിശദാംശങ്ങൾ ചുവടെ.

| ക്രമ നമ്പർ | പ്രോജക്ടിന്റെ പേര് | പ്രോജക്ട് നമ്പർ | തുക | ബിൽ നമ്പർ, തീയതി | സ്ഥാപനം |
|---|---|---|---|---|---|
| 1 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 13/16 | 234418 | 1/15,06.07.15 | AE, KSEB Balaramapuram |
| 2 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 13/16 | 185921 | 9/15,19.08.15 | 172241 - AE, KSEB Balaramapuram<br>13680 – AE, Kottukal |
| 3 | ഇലക്ട്രിക് ലൈൻ എക്സ്റ്റൻഷൻ | 13/16 | 42391 | 28/15,30.12.16 | AE, KSEB Balaramapuram |
| 4 | ട്യൂബ് ലൈറ്റ് ഫിറ്റിംഗ് ചാർജ് | 34/16 | 74520 | 26/15, 18.02.16 | AE, KSEB Balaramapuram |
| | ആകെ | | 537250 | | |

നൽകിയ തുക ചെലവാക്കിയതിനുള്ള രേഖയില്ലാത്തതിനാൽ 5,37,250/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. മേൽ പറഞ്ഞ പദ്ധതികളിൽ തുക നൽകിയ സ്ഥാപനങ്ങളിൽ നിന്നും വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

## 3-11 സ്വകാര്യ സ്ഥാപനത്തിലേക്ക് നടപ്പാത കോൺക്രീറ്റ്

പ്രോജക്ടിന്റെ പേര് : കോഴോട് ചാനൽക്കര തൊട്ടിപ്പാലം ഫുട്ട്പാത്ത് കോൺക്രീറ്റ്

പ്രോജക്ട് നം : So 224/2015

എം ബുക്ക് നം : 750/14-15

കൺവീനർ : ശ്രീ.സജി.എസ്, അന്തിയൂർ.

അടങ്കൽ : 223000/- മെയിന്റനൻസ് ഫണ്ട് (റോഡ്)

ചെലവ് തുക : 223000/-

ബിൽ നമ്പർ : 3/15-16, തീയതി- 15.07.2015

കോഴോട് തൊട്ടിപ്പാലം നടപ്പാത നിർമ്മാണം (പ.നമ്പർ SO 224/15)എന്ന പദ്ധതിയിൽ 38 മീറ്റർ ദൂരം കോൺക്രീറ്റ് ചെയ്തിരിക്കുന്നത് ഒരു പള്ളിയിലേക്കുള്ള വഴിയാണ് എന്ന് സ്ഥല പരിശോധനയിൽ കണ്ടെത്തി. കോൺക്രീറ്റ് ചെയ്ത നടപ്പാത ഗേറ്റ് സ്ഥാപിച്ച് പള്ളിയിലേക്കുള്ള വഴിയായി ഉപയോഗിക്കുന്നതായി ഓഡിറ്റിന്

ബോധ്യപ്പെട്ടു. സ്വകാര്യ സ്ഥാപനത്തിലേക്കുള്ള നടപ്പാത പഞ്ചായത്ത് ഫണ്ടുപയോഗിച്ച് കോൺക്രീറ്റ് ചെയ്തതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 13 ന് അസിസ്റ്റന്റ് എഞ്ചിനീയർ നൽകിയ മറുപടിയിൽ പറയുന്നത് ഗ്രാമസഭയുടെയും പഞ്ചായത്തിന്റെയും തീരുമാനം അനുസരിച്ച് പദ്ധതി നടപ്പാക്കി എന്നാണ്. പണി പൂർത്തിയായ ശേഷം അനധികൃത കയ്യേറ്റം നടത്തി ഗേറ്റ് സ്ഥാപിച്ചതായും മറുപടിയിൽ പറയുന്നു. അനുമതി നൽകിയതിനുള്ള കാരണം അറിയിക്കാനാവശ്യപ്പെട്ട് പഞ്ചായത്ത് സെക്രട്ടറിക്ക് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ 12 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ പദ്ധതി നടപ്പാക്കിയതിലൂടെ പഞ്ചായത്തിനുണ്ടായ നഷ്ടത്തിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

എംബുക്ക് പേജ് നമ്പർ 6, ഇനം - 5

Earth filling with all classes of soil – 1 x 3.6 x 2.6 x .3 = 2.81

1 x 5.0 x 2.6 x .3 = 3.90

1 x 17.0 x 2.6 x .3 = 13.26

1 x 9.5 x 2.6 x .3 = 7.41

Total = 27.38

Less 10% for measurement ( -) = 2.738

24.642 $m^3$

24.642 @ 449.97/m3 = 11088 രൂപ

എംബുക്ക് പേജ് നമ്പർ 8,9, ഇനം - 6

Cement concrete 1:4:8 = 1 x 3.6 x 2.6 x .10 = 0.94

1 x 5 x 2.6 x .10 = 1.30

1 x 17 x 2.6 x .10 = 4.42

1 x 9.5 x 2.6 x .10 = 2.47

9.13 $m^3$

9.13 m3 @ 4704.78/$m^3$ = 42954 രൂപ

എംബുക്ക് പേജ് നമ്പർ 10,11, ഇനം - 7

Cement concrete 1:2:4 = 1 x 3.6 x 2.6 x .05 = 0.47

1 x 5 x 2.6 x .05 = 0.65

1 x 17 x 2.6 x .05 = 2.21

1 x 9.5 x 2.6 x .05 = 1.24

4.57 $m^3$

4.57 m3 @ 6226.32/$m^3$ = 28454 രൂപ

നഷ്ടത്തുകയായ 82496/- രൂപ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ച കമ്മിറ്റിയിൽ പങ്കെടുത്ത ഭരണസമിതിയംഗങ്ങളിൽ നിന്നും തുല്യമായി ഈടാക്കേണ്ടതാണ്.

## 3-12 മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

ആകെ തൊഴിൽ കാർഡുകളുടെ എണ്ണം - 4331

ആകെ തൊഴിൽ ദിനങ്ങൾ - 120123

ആകെ പദ്ധതികൾ - 216

ആകെ തൊഴിൽ ലഭ്യമാക്കിയത് - 2453

100 ദിനം പൂർത്തിയാക്കിയത് - 132 ആകെ വരവ് - 21333356 ആകെ ചെലവ് - 21318717

മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ 2015-16 സാമ്പത്തിക വർഷം ഗ്രാമപഞ്ചായത്ത് 216 പദ്ധതികൾ നടപ്പിലാക്കുകയും 120123തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ച് ഭരണച്ചെലവുൾപ്പെടെ 21318717/-രൂപ ചെലവഴിക്കുകയും ചെയ്തു. തൊഴിൽ കാർഡ് നേടിയ 4331കുടുംബങ്ങളിൽ 2453 കുടുംബങ്ങൾക്ക് തൊഴിൽ ലഭ്യമാക്കുവാനും 132 കുടുംബങ്ങൾക്ക്100 ദിനം പൂർത്തിയാക്കുവാനും കഴിഞ്ഞു.അവിദഗ്ധ മേഖലയിൽ തൊഴിൽ ഉറപ്പ് വരുത്തിക്കൊണ്ട് ഗ്രാമീണ കുടുംബങ്ങളുടെ ഉപജീവനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുക, സ്ഥായിയായ ആസ്തികൾ സൃഷ്ടിക്കുക എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയുടെ ആത്യന്തിക ലക്ഷ്യം. 216പദ്ധതികൾ നടപ്പിലാക്കിയിട്ടും തൊഴിൽ കാർഡ് നേടിയ4331കുടുംബങ്ങളിൽ 132 കുടുംബങ്ങൾക്ക് മാത്രമേ 100 ദിനം പൂർത്തിയാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ എന്നത് പദ്ധതി നിർവ്വഹണത്തിന്റെ പോരായ്മയായി ഓഡിറ്റ് വിലയിരുത്തുന്നു.വരും വർഷങ്ങളിൽ പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ തൊഴിൽ കാർഡ് നേടിയ മുഴുവൻ പേർക്കും പരമാവധി തൊഴിൽ ദിനങ്ങൾ ഉറപ്പ് വരുത്തുവാൻ അധികൃതർ ശ്രദ്ധിക്കേണ്ടതാണ്.

<u>(എ ) തൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണനാക്രമം പാലിച്ചിട്ടില്ല.</u>

ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ തൊഴിലുറപ്പ്പദ്ധതികളിൽ താഴെ കൊടുത്തിട്ടുള്ള പ്രകാരം ഉൾപ്പെടുത്താവുന്ന പദ്ധതികളുടെ മുൻഗണനാക്രമം പാലിച്ചിട്ടില്ല.

1. ജലസംരക്ഷണവും ജലക്കൊയ്ത്തും

2. വനവൽക്കരണം, വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കൽ എന്നിവയിലൂടെ വരൾച്ച തടയൽ

3. ജലസേചനത്തോടുകൾ, ചെറുകിട ജലസേചന പദ്ധതികൾ എന്നിവ ഉൾപ്പെടെയുള്ള ജലസേചനപദ്ധതികൾ

4. പട്ടികജാതി, പട്ടിക വർഗ്ഗക്കാർ, ഭൂപരിഷ്കരണം മൂലം സ്ഥലം ലഭിച്ചവർ,

ഐ.എ.വൈ. ഉണഭോക്താക്കൾ എന്നിവരുടെ ഭൂമിക്ക് പ്രയോജനം ലഭിക്കുന്ന

ജലസേചന പദ്ധതികൾ

5. കുളങ്ങൾ വൃത്തിയാക്കൽ ഉൾപ്പെടെ പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം

6. ഭൂവികസനം

7. അഴുക്ക് ചാൽ നിർമ്മാണം, വെള്ളപ്പൊക്ക നിയന്ത്രണം

8. ഗ്രാമപ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകളുടെ നിർമ്മാണം

മുകളിൽ കൊടുത്തിരിക്കുന്ന പദ്ധതികളുടെ മുൻഗണനാക്രമം പാലിക്കാതെ തോട് നവീകരണം, സ്വകാര്യഭൂമി കൃഷിക്ക് അനുയോജ്യമാക്കൽ എന്നിവ മാത്രമാണ് ഗ്രാമപഞ്ചായത്ത് ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പദ്ധതികളിൽ ഭൂരിഭാഗവും. ഭാവിയിൽ തൊഴിലുറപ്പുമായി ബന്ധപ്പെട്ട പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ മുകളിൽ പറഞ്ഞിട്ടുള്ള വിഷയങ്ങൾക്ക് മുൻഗണന നൽകി പദ്ധതികൾ തയ്യാറാക്കേണ്ടതാണ്

<u>(ബി) ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് തൊഴിലുറപ്പ് പദ്ധതിയിൽ പ്രാധാന്യം കൊടുക്കുന്നില്ല</u>

ജി.ഒ (ആർ.ടി)334/12ത.സ്വ.ഭ.വ. 02-02-2012 പ്രകാരം തൊഴിലുറപ്പ് പദ്ധതിയിലൂടെ നടപ്പിലാക്കുന്ന ആകെ പ്രവൃത്തികളുടെ 10% തുക വിനിയോഗിച്ച് ഗ്രാമങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന റോഡുകൾ, ഒരു ഗ്രാമത്തിലെ ആവാസകേന്ദ്രങ്ങളിലൂടെയുള്ള റോഡുകൾ എന്നിവ ഏറ്റെടുക്കേണ്ടതാണ്. എന്നാൽ മേൽ സൂചന പ്രകാരം ആസ്തി സൃഷ്ടിക്കുന്ന പ്രവൃത്തികൾക്ക് ഗ്രാമപഞ്ചായത്ത് മതിയായ പ്രാധാന്യം നൽകിയിട്ടില്ല. വരും വർഷങ്ങളിൽ

ആസ്തികൾ സൃഷ്ടിക്കുന്ന തരത്തിലുള്ള പ്രവൃത്തികൾ കൂടി തൊഴിലുറപ്പ് പദ്ധതികളിൽ ഉൾപ്പെടുത്തേണ്ടതാണ്.

(സി) പദ്ധതി ഫയലുകളോടൊപ്പം മതിയായ രേഖകൾ സൂക്ഷിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതി ഫയലുകളിൽ താഴെപറയുന്ന രേഖകൾ സൂക്ഷിച്ചിട്ടില്ല.

1. വ്യക്തിഗത ഗുണഭോക്താക്കളുടെ കൃഷിഭൂമിയിൽ കാർഷിക പ്രവർത്തനം

നടത്തുവാൻ ഭൂവുടമകളുടെ അപേക്ഷകളും സമ്മതപത്രങ്ങളും വാങ്ങി ബന്ധപ്പെട്ട

പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

2. തൊഴിലാളികൾക്ക് ഗ്രാമപഞ്ചായത്ത് നൽകുന്ന തൊഴിൽ കാർഡിന്റെ പകർപ്പ്

ബന്ധപ്പെട്ട പദ്ധതി ഫയലിൽ സൂക്ഷിച്ചിട്ടില്ല.

3. കാർഷിക പ്രവർത്തനം നടത്തുന്ന കൃഷിഭൂമിയുടെ ഉടമസ്ഥൻ തൊഴിൽ

ചെയ്യുവെന്ന് ഉറപ്പ് വരുത്തുന്ന രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

അപാകതകൾ പരിഹരിച്ച് പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട ഫയലുകളിൽ ആവശ്യമായ എല്ലാരേഖകളും ഉൾപ്പടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഡി) തൊഴിൽ രജിസ്റ്റർ കാലികമല്ല

തൊഴിലുറപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട തൊഴിൽ രജിസ്റ്ററിൽ മുഴവൻ വിവരങ്ങളും ചേർത്ത് കാലികമായി സൂക്ഷിക്കുന്നില്ല. തൊഴിൽ രജിസ്റ്ററിൽ അപേക്ഷകന്റെ തൊഴിൽ കാർഡ് നമ്പർ, രജിസ്റ്റർ ചെയ്ത തിയതി, ബാങ്ക് അക്കൗണ്ട് നമ്പർ,ബാങ്കിന്റെ പേര് തുടങ്ങിയ വിവരങ്ങൾ ഉൽപ്പെടുത്തിയിട്ടില്ല. അപാകതകൾ ഒഴിവാക്കി തൊഴിലിനായി രജിസ്റ്റർ ചെയ്യുന്നവരെ സംബന്ധിക്കുന്ന മുഴവൻ വിവരങ്ങളും ഉൾപ്പെടുത്തി തൊഴിൽ രജിസ്റ്റർ കാലികമാക്കി സൂക്ഷിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ലൈൻ എക്സ്റ്റൻഷൻ | 794701, dt 14.07.15 | 420339 | വിനിയോഗ സാക്ഷിപത്രം ലഭിച്ചിട്ടില്ല. | - |
| കെ.എസ്.ഇ.ബി | ട്യൂബ് ലൈറ്റ് ഫിറ്റിംഗ് ചാർജ് | 736406, dt 23.02.16 | | വിനിയോഗ സാക്ഷിപത്രം ലഭിച്ചിട്ടില്ല. | - |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

| ക്രമ നം | കൺവീനറുടെ പേര് | പ്രവൃത്തിയുടെ പേര് | ബിൽ/ വൗച്ചർ നം/ ചെക്ക് നം | തുക | അഡ്ജസ്റ്റ് ചെയ്തത് | ബാക്കി |
|---|---|---|---|---|---|---|

| |
|---|
| ഇല്ല |

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | സ്ഥാപനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| EMS ഭവന പദ്ധതി | 58/2009, dt 08.08.08 | 16926000 | 8463000 | 3852000 | 0 | 4611000 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | 3(8) | 38000 | മാലിനിഎസ്.സാം, അസിസ്റ്റന്റ് എഞ്ചിനീയർ | 11503105020/ 16.12.2015 |
| 2013-14 | 2(2) | 1500 | മാനേജർ, യൂക്കോബാങ്ക് | - |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| ഇല്ല | | | | | |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 70309735 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 89064058 |
| വരവിനങ്ങളിലുള്ള നഷ്ടം | nil |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 482496 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1272250 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക | നഷ്ടമായ തുക | ഉത്തരവാദിയായ |
|---|---|---|

| നമ്പർ | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| 3-11 | | 82496 | ഭരണസമിതിയംഗങ്ങൾ |
| ആകെ | | 82496 | |

(സി) <u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3.5 | 25000 | ഹെഡ്മിസ്ട്രസ് |
| 3-6 | 10000 | വെറ്റിനറി സർജൻ |
| 3-7 | 400000 | അസിസ്റ്റന്റ് സെക്രട്ടറി |
| 3-8 | 700000 | അസിസ്റ്റന്റ് സെക്രട്ടറി |
| 3-10 | 537250 | സെക്രട്ടറി. |
| ആകെ | 1672250 | |

(ഡി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>

ഇല്ല

(ഇ) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>

ഇല്ല

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷി ക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2001-02 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1159/02, | 6 | |
| 2002-03 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1275/03, | 7 | |
| 2003-04 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1185/05, | 4 | |
| 2004-05 | എൽ.എഫ്.റ്റി.ഡി.ജി.പി4/568/07, | 9 | |
| 2005-06 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1684/07, | ഇല്ല | |
| 2006-07 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1930/08, | ഇല്ല | |
| 2007-08 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1411/09, | 4 | |
| 2008-09 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1235/11, | 7 | |
| 2009-10 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1236/2013, | 5 | |
| 2010-11 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1762/2014, | 11 | |
| 2011-12 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1715/2014- | 9 | |
| 2012-13 | എൽ.എഫ്.റ്റി.ഡി.ജി.പി.4/1303/2014, | 32 | |
| 2013-14 | എൽ.എഫ്.റ്റി.ഡി.ജി.പി.4/913/2015, | - | |
| 2014-15 | എൽ.എഫ്.റ്റി.ഡി.ജി.പി.4/813/2016, | 21 | |

ഡെപ്യൂട്ടി ഡയറക്ടർ,

ജില്ലാ ഓഡിറ്റ് ഓഫീസ്, തിരുവനന്തപുരം

**1**

## അനുബന്ധം

### ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലേ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് , ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും തിരുവനന്തപുരം ജില്ലയിലെ ബാലരാമപുരം

ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റുകൾ പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങളും അക്കൗണ്ട് പരിശോധനയിൽ കണ്ടെത്തിയ ചുവടെ പറയുന്ന അപാകങ്ങളും ഒഴികെ എന്റെ അഭിപ്രായത്തിൽ ബാലരാമപുരം ഗ്രാമപഞ്ചായത്തിന്റെ 2015-16ലെ വാർഷിക ധനകാര്യ പത്രിക വരവ് ചെലവ് കണക്കുകൾ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു.

### ന്യൂനതകൾ

1) ഐ.സി.ഡി.എസ്. സൂപ്പർവൈസർ, മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) ഹെഡ്മാസ്റ്റർ, എന്നീ നിർവഹണ ഉദ്യോഗസ്ഥരുടെ എക്സ്പെന്റിച്ചർ സ്റ്റേറ്റ്മെന്റിലെ ചെലവ് വിവരങ്ങൾ യഥാർത്ഥ ചെലവ് രേഖയിൽ നിന്ന് വ്യത്യാസപ്പെട്ടിരിക്കുന്നു.

2) പഞ്ചായത്തിന്റെ എല്ലാ ആസ്തി വിവരങ്ങളും ധനകാര്യ പത്രികയിൽ ഉൾപ്പെടുന്നില്ല.

3) പോഷകാഹാര വിതരണത്തിന് കേന്ദ്രഗവൺമെന്റിൽ നിന്ന് ലഭിക്കുന്ന 50 ശതമാനം ഗ്രാമപഞ്ചായത്ത് പ്രത്യേക അക്കൗണ്ടിൽ സൂക്ഷിക്കാതെ തനതു വരുമാനം സൂക്ഷിക്കുന്ന അക്കൗണ്ടിനോടൊപ്പം സൂക്ഷിച്ചിരിക്കുന്നു.

ഡെപ്യൂട്ടി ഡയറക്ടർ,

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്